REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-09-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **തമിഴ്നാട്ടിലെ കരൂരിൽ തമിഴക വെട്രി കഴകം പാർട്ടി റാലിക്കിടെ ഇന്നലെ രാത്രിയുണ്ടായ തിക്കിലും തിരക്കിലും 36 മരണം. 50ലേറെ പേർക്ക് പരിക്കേറ്റു.**
- **ആഗോള ഭീകരവാദത്തിന്റെ കേന്ദ്രമാണ് ഇന്ത്യയുടെ അയൽക്കാരെന്ന് UN ൽ വിദേശകാര്യമന്ത്രി ഡോ. S. ജയശങ്കർ.**
- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് രാവിലെ 11ന് ആകാശവാണിയിലും ദൂരദർശനിലും.**
- **സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**
- **ഏഷ്യാകപ്പ് ട്വന്റി 20 ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ഇന്ന് പാകിസ്താനെ നേരിടും.**

## വാർത്തകൾ വിശദമായി

തമിഴ്നാട്ടിലെ കരൂരിൽ തമിഴക വെട്രി കഴകം പാർട്ടി റാലിക്കിടെ ഇന്നലെ രാത്രിയുണ്ടായ തിക്കിലും തിരക്കിലും 36 പേർ മരിച്ചു. 50ലേറെ പേർക്ക് പരിക്കേറ്റു. മരിച്ചവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രി പത്ത് ലക്ഷം രൂപ വീതം ആശ്വാസ ധനം അനുവദിച്ചു. ICU ചികിത്സയിൽ കഴിയുന്നവർക്ക് ഒരു ലക്ഷം രൂപ വീതവും നൽകും. സംഭവം സ്ഥലം നേരിൽ സന്ദർശിക്കാൻ അല്പം മുമ്പ് സ്റ്റാലിൻ കരൂരിലെത്തി.

സംഭവത്തിൽ ഏകാംഗ അന്വേഷണകമ്മീഷനെയും മുഖ്യമന്ത്രി നിയോഗിച്ചു. വിരമിച്ച ഹൈക്കോടതി ജഡ്ജി അരുണ ജഗദീശനാണ് ജുഡീഷ്യൽ കമ്മീഷൻ.

സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമ്മു, ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവർ ദുഃഖവും വേദനയും അറിയിച്ചു. നടൻ വിജയും സംഭവത്തിൽ അതീവ ദുഃഖവും ഖേദവും അറിയിച്ചിട്ടുണ്ട്. കേന്ദ്രമന്ത്രിമാരായ JP നദ്ദ, അമിത്ഷാ, രാജ്നാഥ് സിംഗ്, ശിവരാജ് സിംഗ് ചൗഹാൻ തുടങ്ങിയവരും അനുശോചിച്ചു.

മുഖ്യമന്ത്രി പിണറായി വിജയനും പ്രതിപക്ഷനേതാവ് VD സതീശനും ദുരന്തത്തിൽ അനുശോചനം അറിയിച്ചു. ആവശ്യമെങ്കിൽ സഹായങ്ങളെത്തിക്കാമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

✪✪✪

കരൂരിൽ തിക്കും തിരക്കും ഉണ്ടാകാനിടയാക്കിയ സാഹചര്യം വിശദീകരിക്കാൻ ആഭ്യന്തര മന്ത്രാലയം തമിഴ്നാട് ഗവൺമെന്റിന് നിർദേശം നൽകി. രക്ഷാ, ദുരിതാശ്വാസ നടപടികളുടെ വിശദ റിപ്പോർട്ട് നൽകാനും ആഭ്യന്തരവകുപ്പ് ആവശ്യപ്പെട്ടു.

✪✪✪

ആഗോള ഭീകരവാദത്തിന്റെ കേന്ദ്രമാണ് ഇന്ത്യയുടെ അയൽക്കാരെന്നും സ്വാതന്ത്ര്യാനന്തര കാലം മുതൽ ഭീകരതയുടെ വെല്ലുവിളിയുമായി രാജ്യം ഏറ്റുമുട്ടുകയാണെന്നും വിദേശകാര്യമന്ത്രി ഡോ. S. ജയശങ്കർ അറിയിച്ചു. ലോകത്തെ നിരവധി ഭീകരാക്രമണങ്ങൾക്ക് ആ രാജ്യവുമായി പതിറ്റാണ്ടുകളായി ബന്ധുമുണ്ടെന്നും ഐക്യരാഷ്ട്ര പൊതുസഭയെ അഭിസംബോധന ചെയ്ത ജയശങ്കർ പറഞ്ഞു. ഐക്യരാഷ്ട്ര സംഘടന തയ്യാറാക്കിയ ഭീകരപ്രവർത്തകരുടെ പട്ടികയിൽ ആ രാജ്യത്തെ പൗരന്മാരാണ് ഏറിയ പങ്കുമെന്നും അദ്ദേഹം വിശേഷിപ്പിച്ചു. കഴിഞ്ഞ ഏപ്രിലിൽ ഉണ്ടായ പഹൽഗാം ഭീകരാക്രമണം എടുത്തുകാണിച്ച ഡോ. ജയശങ്കർ സ്വന്തം ജനതയെ ഭീകരതയിൽ നിന്ന് സംരക്ഷിക്കുന്നതിന് വേണ്ടിയാണ് ഇന്ത്യ പ്രതിരോധത്തിന് തുനിഞ്ഞത്. ഭീകരവാദം ലോകം മുഴുവൻ നേരിടുന്ന ഭീഷണിയാണെന്നും അത് നേരിടാൻ കൂടുതൽ ശക്തമായ ആഗോള സഹകരണം അനിവാര്യമാണെന്നും ജയശങ്കർ വ്യക്തമാക്കി.

✪✪✪

ഈ മാസം 22ന് നിലവിൽ വന്ന വരുംതലമുറ GST പരിഷ്കരണം പരോക്ഷ നികുതി സമ്പ്രദായം ലളിതമാക്കുന്നതിന് സുപ്രധാന ചുവടുവയ്പ്പാണ്. സാധനങ്ങളുടടെയും സേവനങ്ങളുടെയും നികുതി നിരക്ക് ഗണ്യമായി കുറച്ച പരിഷ്കരണങ്ങൾ കായികമേഖലയ്ക്കും ഗണ്യമായ ആശ്വാസമാണ് നൽകുന്നത്.

........വോയ്സ്..........

കായിക സാമഗ്രികളുടെ നികുതി നിരക്ക് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായാണ് കുറച്ചത്. കായിക ഉപകരണങ്ങൾ എല്ലാവർക്കും താങ്ങാൻ കഴിയുന്നതാക്കാനും, ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കാനും, കായിക ഇനങ്ങളിൽ കൂടുതൽ ജനപങ്കാളിത്തം പ്രോത്സാഹിപ്പിക്കാനും വഴിയൊരുക്കും. ഫിറ്റ്നസും ആരോഗ്യകരമായ ജീവിതശൈലിയും രൂപപ്പെടുത്തുന്നതിലൂടെ ജനതയുടെയും രാജ്യത്തിന്റെയും ആരോഗ്യ സാഹചര്യം മെച്ചപ്പെടുത്തും. സൈക്കിളുകളുടെ നികുതി നിരക്ക് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായാണ് കുറച്ചത്. ഇത് ആരോഗ്യത്തിന് പുറമെ ജനങ്ങളുടെ സഞ്ചാര രീതിയിലും ഗുണപരമായ മാറ്റമുണ്ടാക്കും. വിദ്യാർത്ഥികൾക്കും ഫിറ്റ്നസ് ആഗ്രഹിക്കുന്നവർക്കും യുവ പ്രൊഫഷണലുകൾക്കും സൈക്കിളുകളുടെ GST നിരക്കിളവ് പ്രയോജനപ്പെടും.

✪✪✪

രാജ്യത്ത് പുരോഗതിയും പരിവർത്തനവും കൊണ്ടുവരാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ കേന്ദ്രഗവണ്മെന്റ് അക്ഷീണം പ്രവർത്തിച്ചുവരികയാണ്. അടൽ പെൻഷൻ യോജനയിലൂടെ ഇന്ത്യയിലെ അസംഘടിത തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ മോദി ഗവണ്മെന്റ് എങ്ങനെ ശക്തിപ്പെടുത്തി എന്ന് പ്രത്യേക പരമ്പരയായ 'സേവാ പർവ്' വഴി നിങ്ങളിലേക്ക് എത്തിക്കുകയാണ്.

( വോയ്സ് .............. )

ഇന്ത്യയിലെ അസംഘടിത തൊഴിലാളികളുടെ ആവശ്യങ്ങൾക്ക് നരേന്ദ്ര മോദി ഗവണ്മെന്റ് എന്നും പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. തൊഴിലാളികളുടെ അപകടസാധ്യതകൾ, വിരമിക്കലിന് ശേഷം നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾ, എന്നീ വെല്ലുവിളികൾ പരിഹരിക്കാൻ 2015 മെയ് മാസത്തിലാണ് അടൽ പെൻഷൻ യോജന ആരംഭിച്ചത്. പദ്ധതിയിലൂടെ ഗുണഭോക്താക്കളുടെ ഭാവി എങ്ങനെയായിരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വിശദീകരിക്കുകയും ചെയ്തിരുന്നു.

വിരമിക്കൽ പ്രായവും, തൊഴിലാളികൾ അടക്കുന്ന വിഹിതവും ബന്ധിപ്പിച്ച്, നിശ്ചിത പെൻഷൻ ആനുകൂല്യങ്ങൾ പദ്ധതിയിൽ ലഭ്യമാകും. സാമ്പത്തിക

പിന്നാക്കാവസ്ഥ നേരിടുന്ന തൊഴിലാളികളെ പ്രധാനമായും ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതി, രാജ്യത്തെ ഏറ്റവും സമഗ്രവും വേഗത്തിൽ ലഭ്യമാകുന്നതുമായ സാമൂഹിക സുരക്ഷാ സംരംഭങ്ങളിൽ ഒന്നാണ്.

ഈ വർഷത്തിന്റെ തുടക്കത്തിൽ, പെൻഷൻ പദ്ധതിയിൽ 8 കോടി പേർ വരിക്കാരായും 45,000 കോടിയിലധികം രൂപ സമാഹരിക്കുകയും ചെയ്തു. വരിക്കാരിൽ 48 ശതമാനത്തോളം സ്ത്രീകളാണ്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് രാവിലെ 11ന് ആകാശവാണി പ്രക്ഷേപണം ചെയ്യും. മൻ കി ബാതിന്റെ 126-ആം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമാകും.

ആകാശവാണി ന്യൂസ്, DD ന്യൂസ്, PMO, വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകളിലും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. ഹിന്ദി പ്രക്ഷേപണത്തിന് തൊട്ടുപിന്നാലെ പ്രാദേശിക ഭാഷകളിലും പരിപാടി കേൾക്കാം.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കോഴിക്കോട്,വയനാട്, കണ്ണൂർ,കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്

✪✪✪

കേരള രാജ്ഭവന്റെ ഇൻ-ഹൗസ് ജേണൽ 'രാജഹംസ്' മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ പ്രകാശനം ചെയ്യും. രാജ്ഭവൻ ഓഡിറ്റോറിയത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറിന്റെ സാന്നിധ്യത്തിൽ ഡോ. ശശി തരൂർ MP ആദ്യ പ്രതി മുഖ്യമന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങും.

✪✪✪

ഏഷ്യാകപ്പ് ട്വന്റി 20 ക്രിക്കറ്റിൽ ഇന്ന് കലാശ പോരാട്ടം. ദുബായിലെ ഫൈനലിൽ ഇന്ത്യയും പാകിസ്ഥാനും ഏറ്റുമുട്ടും. രാത്രി എട്ടിനാണ് മത്സരം ആരംഭിക്കുന്നത്. ഏഷ്യ കപ്പ് ചരിത്രത്തിൽ ആദ്യമായാണ് ഇന്ത്യയും പാക്കിസ്ഥാനും ഫൈനലിൽ ഏറ്റുമുട്ടുന്നത്. കളിച്ച എല്ലാ മത്സരങ്ങളും

വിജയിച്ചാണ് ഇന്ത്യ ഫൈനലിൽ എത്തിയത്. എന്നാൽ പാക്കിസ്ഥാൻ ടൂർണമെന്റിൽ രണ്ട് തവണ ഇന്ത്യയോട് പരാജയപ്പെട്ടിരുന്നു.

✪✪✪

ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയ്ക്ക് മെഡൽ വേട്ടയോടെ ആവേശകരമായ തുടക്കം. ന്യൂഡൽഹിയിൽ ഇന്നലെ ആദ്യ ദിനത്തിൽ സൈലേഷ് കുമാർ പുരുഷ- ഹൈജമ്പിൽ രാജ്യത്തിനായി ആദ്യ സ്വർണ്ണം നേടി. ഏഷ്യൻ റെക്കോർഡാണിത്. വരുൺ സിംഗ് ഭാട്ടി വെങ്കലവും സ്വന്തമാക്കി.

✪✪✪

കൊളംബോയിൽ സാഫ് അണ്ടർ 17 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയ്ക്ക് കിരീടം. പെനാൽറ്റി ഷൂട്ടൗട്ടിൽ ബംഗ്ലാദേശിനെ 4-1ന് പരാജയപ്പെടുത്തിയാണ് കിരീട നേട്ടം.

ഇത് ഏഴാം തവണയാണ് ഇന്ത്യ, അണ്ടർ 17 ചാമ്പ്യൻഷിപ്പ് നേടുന്നത്.

✪✪✪

സംസ്ഥാന സ്കൂൾ ഗെയിംസ് ഗ്രൂപ്പ് വൺ മത്സരങ്ങൾ കണ്ണൂരിൽ സമാപിച്ചു. തലശ്ശേരി ചമ്പാട് ഇൻഡോർ സ്റ്റേഡിയത്തിൽ സീനിയർ പെൺകുട്ടികളുടെ വോളിബോൾ മത്സരത്തിൽ വയനാട് ജില്ല ചാമ്പ്യന്മാരായി. കണ്ണൂർ രണ്ടാം സ്ഥാനവും പത്തനംതിട്ട മൂന്നാം സ്ഥാനവും നേടി.

✪✪✪

ചാമ്പ്യൻസ് ബോട്ട് ലീഗിലെ കോട്ടയം താഴത്തങ്ങാടി ജലോത്സവത്തിൽ കൈനകരി വില്ലേജ് ബോട്ട് ക്ലബ്ബ് തുഴഞ്ഞ വീയപുരം ചുണ്ടൻ ജേതാവായി. പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബിന്റെ മേൽപ്പാടം ചുണ്ടൻ രണ്ടാം സ്ഥാനവും പുന്നമട ബോട്ട് ക്ലബ്ബിന്റെ നടുഭാഗം ചുണ്ടൻ മൂന്നാം സ്ഥാനവും നേടി.

ബോട്ട് ലീഗിലെ ആദ്യ മത്സരമായ കൈനകരി ജലോത്സവത്തിലും വീയപുരമാണ് ജേതാവായത്.

✪✪✪

സുബ്രതോ കപ്പ് ജേതാക്കളായ കോഴിക്കോട് ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂൾ ടീമിന് ഇന്നലെ വൈകീട്ട് കോഴിക്കോട് ഫാറൂഖ് സ്കൂളിൽ സ്വീകരണം നൽകി. മന്ത്രി PA മുഹമ്മദ് റിയാസ് താരങ്ങൾക്ക് ഉപഹാരം നൽകി.

✪✪✪

ദേശീയപാത 66ന്റെ വികസനത്തിൽ മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന കൊയിലാണ്ടി, കൊല്ലം കുന്ന്യോറമല പ്രദേശത്തെ വീടുകൾ ഉൾപ്പെടുന്ന ഭൂമി ഏറ്റെടുക്കാൻ ദേശീയപാത അതോറിറ്റി തീരുമാനിച്ചു. അതോറിറ്റി പ്രോജക്ട് ഡയറക്ടർ പ്രശാന്ത് ദുബേ, തീരുമാനം ഷാഫി പറമ്പിൽ എം.പി.യെ ഔദ്യോഗികമായി അറിയിച്ചു.

✪✪✪

പത്തനംതിട്ട ജില്ലയിലെ ആരോഗ്യ മേഖലയുടെ വികസനത്തിന് 37 കോടി രൂപ കൂടി അനുവദിച്ചതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്കും, കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മാണത്തിനാണ് തുക നൽകുന്നത്.

✪✪✪

കോഴിക്കോട് കോർപ്പറേഷൻ തെരുവുവിളക്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി സ്ഥാപിച്ച നവീകരിച്ച സെൻട്രൽ കൺട്രോൾ ആന്റ് മോണിറ്ററിംഗ് സിസ്റ്റം മന്ത്രി PA മുഹമ്മദ് റിയാസ് നാടിന് സമർപ്പിച്ചു. നഗരത്തിൽ 5,000 LED തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന പരിപാടിയും മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

അഖില കേരള വിശ്വകർമ്മ മഹാസഭയുടെ അവകാശ പ്രഖ്യാപന റാലി മന്ത്രി VN വാസവൻ ഉച്ചകഴിഞ്ഞ് കോട്ടയം മാമൻ മാപ്പിള ഹാളിൽ ഉദ്ഘാടനം ചെയ്യും. തിരുനക്കര മൈതാനത്ത് നിന്ന് ആരംഭിക്കുന്ന പ്രകടനം ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. N ജയരാജ് ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

ഇടുക്കി ജില്ലയിൽ ഫോറസ്റ്റ് റേഞ്ച് ഓഫീസുകളിലെ വിജിലൻസ് മിന്നൽ പരിശോധന ‘ഓപ്പറേഷൻ വനരക്ഷ’യിൽ വ്യാപക അഴിമതിയും ക്രമക്കേടും കണ്ടെത്തി. വള്ളക്കടവ്, തേക്കടി, മറയൂർ, കാന്തല്ലൂർ റേഞ്ച് ഓഫീസുകളിലാണ് തിരിമറി നടന്നെന്ന് വ്യക്തമായത്.

✪✪✪

സംസ്ഥാന GST വകുപ്പും, ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് വിഭാഗവും സംസ്ഥാന വ്യാപകമായി ബാർ ഹോട്ടലുകളിൽ നടത്തിയ പരിശോധനയിൽ കോടികളുടെ നികുതിവെട്ടിപ്പ് കണ്ടെത്തി.

45 ബാർ ഹോട്ടലുകളിലെ പരിശോധനയിൽ 127 കോടി 46 ലക്ഷം രൂപയുടെ വിറ്റുവരവ് തട്ടിപ്പും, 12 കോടിയുടെ നികുതി വെട്ടിപ്പും കണ്ടെത്തി.

✪✪✪

സംസ്ഥാനത്തെ സ്കൂളുകളെ കുറിച്ച് കൈറ്റ് വിക്റ്റേഴ്സ് - 'എന്റെ സ്കൂൾ എന്റെ അഭിമാനം' എന്ന വിഷയത്തിൽ റീൽസ് മത്സരം സംഘടിപ്പിക്കാൻ തീരുമാനിച്ചു. സ്കൂളിന്റെ അക്കാദമിക് പ്രവർത്തനങ്ങളും മറ്റ് പ്രത്യേകതകളും പ്രകടമാക്കുന്ന ഒരു മിനിറ്റിൽ കൂടാത്ത റീൽസുകളാണ് മത്സരത്തിൽ പരിഗണിക്കുന്നത്. ഒക്ടോബർ ഒമ്പതിനകം റീലുകൾ ലിറ്റിൽ കൈറ്റ്സിന് ലഭിക്കണം.

✪✪✪

RSS-ന്റെ ഉത്തരകേരള പ്രാന്തം ചാലക്കുടി മുതൽ മഞ്ചേശ്വരം വരെ സംഘടിപ്പിക്കുന്ന വിജയദശമി ആഘോഷ പരിപാടികൾ ഇന്നാരംഭിക്കും. RSS-ന് നൂറ് വയസ്സ് തികയുന്ന വേളയിൽ ഒരു വർഷം നീളുന്ന പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs:, നിമിഷ ജി, രജ്ന കെ*
*DEO : സി കെ സുബോധ്*